# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 784 28.09.2011 - ൽ മറുപടിക്ക്

## യൂഡിസ്മാറ്റ് ശുദ്ധജലപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) യുഡിസ്മാറ്റ് പദ്ധതിപ്രകാരം നടപ്പിലാക്കുന്ന ശുദ്ധജലപദ്ധതിക്കുവേണ്ടി, സുനാമി പുനരധിവാസപദ്ധതിപ്രകാരം നിർമ്മിച്ച തീരദേശപാത നെടുകെ വെട്ടി പിളർന്ന് പൈപ്പു ലൈൻ സ്ഥാപിക്കാൻ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തീരദേശപാത വെട്ടി കുഴിക്കുന്നതിനുപകരം ബദൽ സംവിധാനം കണ്ടെത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; | (ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ബദൽ സംവിധാനം കണ്ടെത്തുന്നതിനു വേണ്ടി ചെറുതും വലുതുമായ എല്ലാ വഴികളും പരിശോധിച്ചതിൽ 800 മില്ലീമീറ്റർ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിയ്ക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയത് തീരദേശ റോഡു മാത്രമായിരുന്നു. പൈപ്പ് ലൈൻ സ്ഥാപിയ്ക്കുമ്പോൾ റോഡിനുണ്ടാകുന്ന കേടുപാടുകൾ പരിഹരിയ്ക്കുന്നതിനായി 2 കോടി രൂപ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ടി രൂപ പി..ഡബ്ളിയു.ഡി യിൽ അടച്ച് റോഡ് പുതുക്കി പണിയുന്നതിന് തടസ്സമുണ്ടാകില്ല. രൂക്ഷമായ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന ആലപ്പുഴയിൽ ഈ പദ്ധതി നടപ്പിൽ വരേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. |
| (സി) കടൽഭിത്തിയോട് ചേർന്ന് പ്രത്യേക കാന നിർമ്മിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ കഴിയുമോ എന്ന കാര്യം പരിഗണിക്കുമോ? | (സി) 800 മില്ലീമീറ്റർ വ്യാസമുള്ള പൈപ്പുകൾ കൊണ്ടുപോകാനും സ്ഥാപിക്കുവാനും ഹെവിവെഹിക്കിൾസ് പോകുന്നതിന് അനുയോജ്യമായ റോഡ് ആവശ്യമാണ്. ആയതിനാൽ പ്രഥമ ദൃഷ്ട്യാ ഈ നിർദ്ദേശം പരിഗണനാർഹമല്ല. |

സെക്ഷൻ ഓഫീസർ